# SMUPS ERINGAPURAM

## P.O. CHEMMANNOOR

## SCHOOL CODE :24350

# ACADEMIC MASTER PLAN

# 2025-26

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയ മികവിന്റെ കേന്ദ്രം - കാഴ്ച്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ-ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. പ്രവർത്തന കലണ്ടർ
12. ഉപസംഗ്രഹം.

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എസ്.എം.യു.പി. സ്കൂൾ ഇരിങ്ങപ്പുറം |
| വിലാസം | : | ചെമ്മണ്ണൂർ പി.ഒ., കാണിപ്പയ്യൂർ (വഴി) |
| ഫോൺ | : | 9446173006 |
| സ്കൂൾ കോഡ് | : | 24350 |
| വിദ്യാഭ്യാസ ഉപജില്ല | : | കുന്നംകുളം |
| വിദ്യാഭ്യാസ ജില്ല | : | ചാവക്കാട് |
| റവന്യു ജില്ല | : | തൃശ്ശൂർ |
| ബി.ആർ.സി. | : | ചൊവ്വന്നൂർ |
| സി.ആർ.സി. | : | ജി.ജി.എൽ.പി.എസ്. കുന്നംകുളം |
| മുനിസിപ്പാലിറ്റി | : | കുന്നംകുളം |
| നിയമസഭാ മണ്ഡലം | : | കുന്നംകുളം |
| താലൂക്ക് | : | കുന്നംകുളം |
| വില്ലേജ് | : | ആർത്താറ്റ് |
| ഇ-മെയിൽ | : | smupschooleringapuram@gmail.com |

## ആമുഖം

സാമൂഹ്യമായും സാമ്പത്തികമായും സാസംകാരികമായും ഉറങ്ങി കിടന്നിരുന്ന ഇരിങ്ങപ്പുറം എന്ന കുഗ്രാമത്തെ മാത്രമല്ല പ്രാന്തപ്രദേശങ്ങളിലെ ഗ്രാമാന്തരങ്ങളേയും അറിവിന്റെ തരുണാർക്ക കിരണങ്ങളിലേക്ക് വിളിച്ചുണർത്തിയ എസ്.എം.യു.പി.സ്കൂൾ എന്ന ഈ സരസ്വതീക്ഷേത്രം എല്ലാ അർത്ഥത്തിലും ഒരു നാടിന്റെ നവോത്ഥാനത്തിന്റെ ചരിത്രം മാത്രമല്ല, ഭൂമി ശാസ്ത്രവും ഭൂമികയുമാണ്.

## ലക്ഷ്യങ്ങൾ.

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.
- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- ഒന്നു മുതൽ 7-ാം തരം വരെ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
- അധ്യാപനവും അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## സ്കൂൾ - ചരിത്രത്തിലൂടെ.....

സ്ഥാനത്യാഗം ചെയ്ത കൊച്ചിമഹാരാജാവിന്റ ഷഷ്ഠിപൂർത്തി സ്മാരക മായി 1913-ൽ പരേതനായ ശ്രീമാൻ കൊഴുപ്പാമഠത്തിൽമാക്കുണ്ണി അവർക ളാൽ ഒരുതാല്ക്കാലിക കെട്ടിടത്തിൽ സ്ഥാപിച്ചതാണ് ഈ വിദ്യാലയം. അന്ന് ദേവദത്തൻ എന്ന ഒരു അധ്യാപകനും 20 കുട്ടികളുമാണ് ഉ ായിരുന്നത്.

ഈ വിദ്യാലയത്തിന് പുന്നത്തൂര് ഗോദശങ്കര വലിയരാജ, പാറയ്ക്കൽ കൃഷ്ണമേനോൻ, കൊച്ചി ദിവാനായിരുന്ന ഹെർബർട്ട് സായിപ്പ് എന്നീ മഹാ ന്മാരുടെ നിർലോഭമായ സഹായസഹകരണങ്ങൾ പല സന്ദർഭങ്ങളിലും ലഭിച്ചിട്ടു ണ്ടെന്നുള്ളത് പ്രത്യേകം സ്മരണീയമാണ്.

1955-ൽ അന്നത്തെ മാനേജരായിരുന്ന ശ്രീ. കൊഴുപ്പാമഠത്തിൽ കണ്ടുണ്ണി മാസ്റ്റർ അവർകളുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി ഇത് ഒരു അപ്പർ പ്രൈമറി വിദ്യാലയമായി ഉയർത്തപ്പെടുകയും, അതിന്റെ ഹെഡ്മാസ്റ്റർ ആയി പരേതനായ ശ്രീ. എം. ബാലകൃഷ്ണൻ നായർ ചാർജ് എടുക്കുകയും ചെയ്തു. കണ്ടുണ്ണി മാസ്റ്റർക്കുശേഷം ശ്രീമതി കലമാക്ഷി, ശ്രീമാൻ മാക്കൻ മാസ്റ്റർ, ശ്രീ. കെ. എം. വിജയൻ, ശ്രീ. കെ. ആർ. രാജൻ എന്നിവർ മാനേജരാകു കയും ചെയ്തു. ഇപ്പോൾ ശ്രീ. കെ. ആർ. സുജിത്ത് മാനേജർ പ്രതിനിധിയായി തുടരുകയും ചെയ്യുന്നു. ഇന്ന് ഈ വിദ്യാലയം 29 അധ്യാപിക അധ്യാപകരും 800 പരം വിദ്യാർത്ഥിനീ വിദ്യാർത്ഥികളും ഉള്ളതായ ഈ മഹത്ത് സ്ഥാപനമായി വളർന്നിരിക്കുന്നു. 1 മുതൽ 7 വരെ ഇംഗ്ലീഷ്മീഡിയം ക്ലാസുകളും പ്രവർത്തിക്കു ന്നുണ്ട്.

ദേശീയ പ്രാധാന്യമുള്ള ദിനങ്ങളും സമുചിതമായി ആഘോഷിക്കാറുണ്ട്. ബുൾബുൾ, സ്കൗട്ട്, ഗൈഡ്സ്, ഗാന്ധി ദർശൻ എന്നീയൂണിറ്റുകൾ നല്ല നില യിൽ പ്രവർത്തിക്കുന്നു. ഭാഷാ ക്ലബ്ബുകളും പറയേണ്ടതാണ്. LSS, USS സ്കോളർഷിപ്പ് പരീക്ഷയിൽ ഇവിടുത്തെ കുട്ടികൾ മികച്ച വിജയം കരസ്ഥമാക്കി യിട്ടുണ്ട്. സ്കൂൾ പാർലിമെന്റ് തെരഞ്ഞെടുപ്പ്, വിദ്യാരംഗം പ്രവർത്തനങ്ങൾ, ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ, പച്ചക്കറികൃഷി, കമ്പ്യൂട്ടർ പ്രവർത്തന ങ്ങൾ എന്നിവ ഒന്നിനൊന്ന് മെച്ചപ്പെട്ടതായി പ്രവർത്തിക്കുന്നു . ഓരോവർഷവും കുട്ടികൾക്ക് മത്സരപരീക്ഷ നടത്തി ക്യാഷ് അവാർഡുകൾ നല്കിവരുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ച്ചപ്പാട്:-

- ❖ പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ❖ ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- ❖ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- ❖ ശേഷികളും ധാരണകളും ഓരോ കുട്ടിയും മികവാർന്ന രീതിയിൽ ഓരോ ക്ലാസ്സിലും നേടുന്നുണ്ട്എന്ന് ഉറപ്പാക്കൽ.
- ❖ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

- ❖ എസ്.ആർ.ജി. യോഗത്തിൽ എസ്.എം.യു.പി. സ്കൂൾ വിഷൻ, 2030 എന്ന വികസന കാഴ്ച്ചപ്പാട് അവതരിപ്പിക്കലും, ചർച്ചയും.
- ❖ വികസനാവശ്യങ്ങൾ ക്ലാസ്സ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- ❖ കരട് രൂപരേഖ എസ്.ആർ.ജി., എസ്.എം.സി., പി.ടി.എ., എം.പി.ടി.എ., ഒ.എസ്.എ. രാഷ്ട്രീയ സംഘടനാപ്രതിനിധികൾ ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
- ❖ പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥാവിശകലനം

**എ. ഭൗതികം - നേട്ടങ്ങൾ**

ശതാബ്ദി സ്മാരകമായി 8 ക്ലാസ്സ് മുറികളുള്ള ഒരു മന്ദിരം പൂർവ്വ വിദ്യാർത്ഥികളുടെ സഹായസഹകരണത്തോടെ പണി കഴിപ്പിച്ചിട്ടുണ്ട്. യു.പി. ക്ലാസ്സുകൾ മുഴുവൻ സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആക്കിയിട്ടുണ്ട്, ക്ലാസ്റൂം ലൈബ്രറി എന്നിവ നവീകരിച്ചിട്ടുണ്ട്.

**ബി. ഭൗതികം - പരിമിതികൾ.**

ലാബ്, പ്ലേ ഗ്രൗണ്ട് എന്നിവയ്ക്ക് മതിയായ സൗകര്യമുള്ള കെട്ടിടങ്ങൾ ഇല്ല. ഭോജനശാല ആവശ്യമാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം ജൈവ വൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലം ആവശ്യമുണ്ട്.

**സി. അക്കാദമികം - നേട്ടങ്ങൾ.**

എൽ.എസ്.എസ്. / യു.എസ്.എസ്. പരീക്ഷകളിലും മികവാർന്ന വിജയങ്ങൾ ഈ വിദ്യാലയം നേടിയിട്ടുണ്ട്. സബ്ജില്ലാതല ക്വിസ് മത്സരങ്ങളിൽ ഉന്നതസ്ഥാനങ്ങൽ നേടാൻ ഇവിടത്തെ വിദ്യാർത്ഥികൾക്ക് കഴിയാറുണ്ട്. വിജ്ഞാനോത്സവം അക്ഷരമുറ്റം സംഘടനകൾ നടത്തുന്ന ക്വിസ് പ്രോഗ്രാമുകൾ ക്ലബ്ബുകൾ നടത്തുന്ന മത്സരങ്ങൾഎന്നിവയിലൊക്കെ വളരെ വലിയ ഒരു മുന്നേറ്റം ഈ വിദ്യാലയം നടത്തിയിട്ടുണ്ട്. സ്കൗട്ട്, ഗൈഡ്, ബുൾബുൾ തുടങ്ങിയ യൂണിറ്റുകൾ ഇവിടെ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.

**ഡി. അക്കാദമികം - പരിമിതികൾ**

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. ലബോറട്ടറികൾ ആധുനികവത്ക്കരിക്കണം. ശാസ്ത്ര ഗണിത വിഷയങ്ങൾക്ക് ലാബുകൾ വേറെ വേറെ വേണം. ശാസ്ത്ര വിഷയങ്ങളിൽ സ്വയം പരീക്ഷണം നടത്താനുള്ള സൗകര്യം ഇവിടെ വളരെ കുറവാണ്.

**പ്രവർത്തനം 1**
**പേര്: രചനാ ശില്പശാല**
**ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, കുട്ടികളിൽ മികവാർന്ന രചനാ ശൈലി രൂപീകരിക്കൽ | കഥയരങ്ങ് / കവിയരങ്ങ് രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ. | ജൂൺ ജൂലായ് | മലയാളം അധ്യാപകർ | |

**പ്രവർത്തനം 2**
**പേര്: സർഗ്ഗസല്ലാപം**
**ഉപമേഖല : ഭാഷാവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക. | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന / എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ | ആഗസ്റ്റ് സെപ്റ്റംബർ | എച്ച്.എം. & പി.ടി.എ. | |

**പ്രവർത്തനം 3**
**പേര്: നാടകക്കളരി**
**ഉപമേഖല : ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ (നാടകവുമായി ബന്ധപ്പെട്ട പ്രമുഖരുടെ സഹായത്തോടെ) | നാടകവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ സഹായത്തോടെയുള്ള ക്ലാസ്സ് പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ / ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്ക്കരണം. | ഒക്റ്റോബർ നവംബർ | വിദ്യാരംഗം കലാവേദി | |

**പ്രവർത്തനം 4**
**പേര്: ദിനാചരണങ്ങൾ**
**ഉപമേഖല : സമഗ്രവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേ പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്. ആർ.ജി. | |

**പ്രവർത്തനം 5**
**പേര്: പ്രസംഗം**
**ഉപമേഖല :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രസംഗ കലയിൽ പ്രാവീണ്യം നേടൽ | പ്രസംഗവുമായി ബന്ധപ്പെട്ട പ്രമുഖരുടെ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ 1 പ്രാവശ്യം | മലയാളം അധ്യാപകർ | |

# സാമൂഹിക ശാസ്ത്രം

**പ്രവർത്തനം 1**
**പേര്: സാമൂഹ്യ ശാസ്ത്ര ലൈബ്രറി കോർണർ**
**ഉപമേഖല : അക്കാദമികം / സാമൂഹികശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ സമഗ്രപഠനത്തിന് (സബ്ജില്ല, ജില്ല മത്സരങ്ങളിൽ ഉന്നത വിജയത്തിന്, എൽ. എസ്.എസ്., യു.എസ്. എസ്. പരീക്ഷകളിൽ ഉന്നതവിജയത്തിന്) | അറ്റ്ലസുകൾ, ലോകഭൂപടം, ഇന്ത്യൻ ഭൂപടം, കേരള ഭൂപടം, ഇയർ ബുക്കുകൾ, അധികവായനയ്ക്ക് ബുക്കുകൾ, ഐ.സി.ടി. എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര വായന കോർണർ ഒരുക്കൽ ഇത് ഫലപ്രദമായി ഉപയോഗിച്ച് ക്ലാസ്സ് നയിക്കുന്നു. | ജൂൺ ജൂലായ് ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് അധ്യാപകർ | |

**പ്രവർത്തനം 2**
**പേര്: ബുള്ളറ്റിൻ ബോർഡ്**
**മേഖല / ഉപമേഖല: അക്കാദമിയം / സാമൂഹിക ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രമായി ബന്ധപ്പെട്ട അറിവുകൾ കുട്ടികൾ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിൽ ഒരു സാമൂഹിക ശാസ്ത്ര ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ കുട്ടികൾക്ക് പ്രദർശിപ്പിക്കാൻഅവസരം നൽകുകയും ചെയ്യുന്നു. | എല്ലാ ദിവസങ്ങളിലും | ഓരോ ക്ലാസ്സിലേയും കുട്ടികൾ | |

**പ്രവർത്തനം 3**
**പേര്: സാമൂഹ്യ ശാസ്ത്ര ലാബ്**
**മേഖല / ഉപമേഖല: അക്കാദമിയം / സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിൽ കുട്ടികൾക്ക് താല്പര്യം ജനിപ്പിക്കുന്നതിനും കൂടുതൽ എളുപ്പമാക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും | വിദ്യാലയത്തിൽ ഒരു സാമൂഹിക ശാസ്ത്ര ക്ലബ്ബ് രൂപീകരിക്കൽ, ക്വിസ്, പലവിധ പ്രവർത്തനങ്ങൾ നൽകൽ. | ആഗസ്റ്റ്, ടേമിൽ ഒരിക്കൽ | സാമൂഹിക ശാസ്ത്ര ക്ലബ്ബ്. | |

**പ്രവർത്തനം 4**
**പേര്: പഠനയാത്രകൾ**
**മേഖല / ഉപമേഖല: അക്കാദമികം / സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾ നേരിട്ട് ക ് പഠിക്കുന്നതിന് സാമൂഹ്യ ശാസ്ത്രത്തോട് കൂടുതൽ താല്പര്യം വളർത്താൻ മറക്കാതിരിക്കാൻ | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് പഠനയാത്രകൾ | ഡിസംബർ, ജനുവരി, ഫെബ്രുവരി | എസ്. ആർ.ജി. | |

**പ്രവർത്തനം 5**
**പേര്: ഡിബേറ്റ് ക്ലബ്ബ്**
**മേഖല / ഉപമേഖല: അക്കാദമികം / സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര വിഷയങ്ങളെ കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക. | സമകാലിക പ്രസക്തിയുള്ള ശാസ്ത്ര വിഷയങ്ങളെകുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | സെപ്റ്റംബർ ഒക്റ്റോബർ നവംബർ | എസ്. ആർ.ജി. | |

**പ്രവർത്തനം 6**
**പേര്: മോക്ക് പാർലമെന്റ്**
**മേഖല / ഉപമേഖല: അക്കാദമികം / സാമൂഹ്യശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ജനാധിപത്യത്തിന്റെ സവിശേഷതകൾ അറിയുന്നതിന്, മൂല്യങ്ങൾ വളർത്തിയെടുത്ത് നല്ല പൗരന്മാരാക്കൽ | പ്രകടന പത്രികപ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ് ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ, മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. | ആഗസ്റ്റ് 3 എണ്ണം ഓണക്കാലം, ക്രിസ്തുമസ്, വേനൽക്കാല സമ്മേളനങ്ങൾ | എസ്. ആർ.ജി., സ്കൂൾ പാർലിമെന്റ് | |

**പ്രവർത്തനം 7**
**പേര്:** പ്രവൃത്തിയിലൂടെ പഠനം
**മേഖല / ഉപമേഖല: അക്കാദമികം / സാമൂഹ്യശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ താല്പര്യമുള്ളതും രസകരവുമാക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട സ്റ്റിൽ മോഡൽ വർക്കിങ് മോഡൽ എന്നിവയുടെ നിർമ്മാണം | എല്ലാ പാഠഭാഗവുമായി ബന്ധപ്പെട്ട് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

**പ്രവർത്തനം 1ശാസ്ത്രം**

**പേര്: പ്രതിഭാപോഷണപരിപാടി**

**മേഖല / ഉപമേഖല: അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവു ദിനങ്ങളിൽ സംഘടിപ്പിക്കൽ എൽ.എസ്.എസ്., യു.എസ്.എസ് പരീക്ഷകൾക്കും ശാസ്ത്രക്വിസുകൾക്കും (ഉപജില്ല,ജില്ലാ തലങ്ങൾ) ഡൈജസ്റ്റ്, യുറീക്ക തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങൾ അറിവ് സമ്പാദനത്തിന് പ്രയോജനപ്പെടുത്തൽ. | അവധി ദിവസങ്ങൾ (ജൂൺ മുതൽ ആരംഭം) | എസ്.ആർ.ജി. എസ്.എസ്.ജി. | |

**പ്രവർത്തനം 2**
**പേര്: ശാസ്ത്രലാബ് നവീകരിക്കൽ**
**മേഖല / ഉപമേഖല: അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ബയോളജി, കെമിസ്ട്രി, ഫിസിക്സ് എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ. | ജൂലായ് ആഗസ്റ്റ് | സയൻസ്അദ്ധ്യാപകർ | |

**പ്രവർത്തനം 3**
**പേര്: ശാസ്ത്ര പോഷണ പരിപാടി**
**മേഖല / ഉപമേഖല: അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി ജനപക്ഷശാസ്ത്രത്തിന്റെ ആവശ്യകത, ശാസ്ത്രംജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംഘടിപ്പിക്കൽ. | വർഷത്തിൽ 3 തവണ | സയൻസ് ക്ലബ്ബ് | |

**പ്രവർത്തനം 4**
**പേര്: ശാസ്ത്ര യാത്രകൾ (ഫീൽഡ് ട്രിപ്പ്സ്)**
**മേഖല / ഉപമേഖല: അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹകേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ. | പ്രതി വർഷം 1 യാത്ര | സയൻസ് ക്ലബ്ബ് പി. ടി.എ. | |

**പ്രവർത്തനം 5**
**പേര്: മേളകൾ**
**മേഖല / ഉപമേഖല: അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാകുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം. | സെപ്റ്റംബർ ഒക്റ്റോബർ വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

## ഇംഗ്ലീഷ്

**പ്രവർത്തനം 1**

**പേര്: ഇംഗ്ലീഷ് അസംബ്ലി**

**മേഖല / ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ച്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല. | ജൂൺ ആഴ്ച്ചയിൽ 1 ദിവസം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം 2**

**പേര്: ഇംഗ്ലീഷ് ഡയറി**

**മേഖല / ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ജൂലായ് ആഴ്ച്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |

**പ്രവർത്തനം 3**

**പേര്: ഇംഗ്ലീഷ് തീയ്യറ്റർ**

**മേഖല / ഉപമേഖല: ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. ഉദാ. സ്കിറ്റ്, കോൺവർസേഷൻ, ഡ്രാമ. | സെപ്റ്റംബർ പ്രതിമാസ പരിപാടി | യു.പി. ഇംഗ്ലീഷ് അധ്യാപകർ | |

**പ്രവർത്തനം 4**
**പേര്: ഗ്രാമർ സ്കൂൾ**
**മേഖല / ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | ആഴ്ച്ചയിൽ ഒരു ക്ലാസ് | എൽ.പി. & യു.പി. ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്ന അധ്യാപകർ | |

**പ്രവർത്തനം 5**
**പേര്: പദപ്രശ്ന നിർമാണം**
**മേഖല / ഉപമേഖല: ഇംഗ്ലീഷ്പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം 6**
**പേര്: ഇംഗ്ലീഷ് കോർണർ**
**മേഖല / ഉപമേഖല: ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ, കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം 7**
**പേര്: ഇംഗ്ലീഷ് കളികൾ**
**മേഖല / ഉപമേഖല: ഇംഗ്ലീഷ് പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഫലപ്രദമായിഇംഗ്ലീഷ് സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കാൻ | ആഴ്ച്ചയിൽ 1 ദിവസം ക്ലാസ്സ് മുറിക്കകത്തുവെച്ച് അധ്യാപികയുടെ നേതൃത്വത്തിൽ കുട്ടികളെ വിവിധ ഇംഗ്ലീഷ് കളികളിൽ ഏർപ്പെടുത്തുന്നു. ഉദാ:- വേഡ് ചെയിൻ റിഡിൾസ് | ആഴ്ച്ചയിൽ 1 ദിവസം | ക്ലാസ്സ് ടീച്ചർ | |

## ഗണിതം

പ്രവർത്തനം 1

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

മേഖല / ഉപമേഖല : അക്കാദമികം / ഗണിതം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ | ജൂൺ ജൂലായ് ആവശ്യാനുസരണം | എസ്. ആർ.ജി. ഗണിത ക്ലബ്ബ് | |

പ്രവർത്തനം 2

പേര് : സംഖ്യാബോധം

മേഖല / ഉപമേഖല : അക്കാദമികം / ഗണിതം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സംഖ്യകളുടെ അക്കങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി സംഖ്യകൾ വായിക്കാനും, സ്ഥാനവിലകൾ അടിസ്ഥാനമാക്കി എഴുതാനുമുള്ള കഴിവ് നേടൽ | അബാക്കസ്, സ്ഥാനവില പോക്കറ്റ് എന്നിവയുടെ നിർമാണം. അബാക്കസ്, സ്ഥാനവില പോക്കറ്റ് എന്നിവ ഉപയോഗിച്ച് സംഖ്യകൾ സ്ഥാനത്തെ അടിസ്ഥാനമാക്കി എഴുതുന്നതിനും വായിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനുമുള്ള ശേഷികൾ നേടുന്നു. | ആവശ്യാനുസരണം | ഗണിത ക്ലബ്ബ്<br>ഗണിത അധ്യാപകൻ | |

പ്രവർത്തനം 3

പേര് : ചതുഷ്ക്രിയകളുടെ പഠനം

മേഖല / ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുഷ്ക്രിയകളുടെ പഠനം സുഗമമാക്കൽ | ഐ.സി.ടി. സാധ്യത ഉപയോഗിച്ചും വിവിധ കളികളിലൂടെയും ചതുഷ് ക്രിയകളുടെ പഠനം രസകരമാക്കുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ etc ഉപയോഗിക്കുന്നു.) എളുപ്പവഴികളിലൂടെ ഉത്തരം കണ്ടെത്തുന്ന രീതികൾ പഠിപ്പിച്ച് ഗണിതം മധുരമാക്കാൻ സഹായിക്കും. വ്യക്തികളുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം<br>വർഷത്തിൽ മൂന്ന് പ്രാവശ്യം | ഗണിത അധ്യാപകൻ<br>എസ്. ആർ.ജി. | |

പ്രവർത്തനം 4

പേര് : ജ്യാമിതീയരൂപങ്ങളെ തിരിച്ചറിയുക.

മേഖല / ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ രൂപങ്ങളുടെ പഠനം മധുരതരമാക്കാൻ | ജ്യാമിതിയിലുള്ള രൂപങ്ങളെ അടിസ്ഥാനമാക്കി നിർമ്മിച്ച ജ്യാമിതീയ പാറ്റേണുകളുടെ ആൽബം തയ്യാറാക്കുക. ജ്യാമിതീയരൂപങ്ങൾകൊണ്ട് നിർമ്മിച്ച വ്യത്യസ്ത രൂപങ്ങളുടെ പ്രദർശനം. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിതക്ലബ്ബ് | |

പ്രവർത്തനം 5

പേര് : മത്സരങ്ങൾക്കൊരു കൈത്താങ്ങ്

മേഖല / ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| യു.എസ്.എസ്., എൽ.എസ്.എസ്., ക്വിസ് എന്നിങ്ങനെയുള്ള മത്സരപരീക്ഷകളിൽ ഉന്നത വിജയം നേടാൻ കുട്ടികളെ സജ്ജരാക്കൽ | യുക്തിചിന്ത, വിവേചനശേഷി, പ്രശ്നപരിഹാരശേഷി, മുതലായവയുമായി ബന്ധപ്പെട്ട ചോദ്യോത്തരങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുന്നു.<br>കുട്ടികൾ പരസ്പരം ചോദ്യോത്തരപ്പയറ്റ്, ക്വിസ് എന്നിവ നടത്തുന്നു. ഗണിതത്തിൽ പ്രാവീണ്യമുള്ള വ്യക്തികളുടെ ക്ലാസുകൾ സംഘടിപ്പിക്കൽ. | ആഴ്ച്ചയിൽ ഒരു പ്രാവശ്യം<br><br>വർഷത്തിൽ 2 പ്രാവശ്യം | ഗണിത അധ്യാപകൻ<br><br>SRG | |

പ്രവർത്തനം 6

പേര് : ഒറിഗാമി ശില്പശാല

മേഖല / ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ.<br>വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |

**പ്രവർത്തനം**
**പേര് : കായിക താരങ്ങൾക്ക് സമ്മാനങ്ങൾ / അവാർഡ്**
**മേഖല / ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ് / സമ്മാനം നൽകി ആദരിക്കൽ | സ്കൂൾ തലം ഉപജില്ലാ തലം, ജില്ലാതലം, സംസ്ഥാനതലം വിജയികൾക്ക് ക്യാഷ് അവാർഡും മെമൊന്റോയും നൽകൽ. | ഓരോ തലത്തിലേയും മത്സരങ്ങൾക്കു ശേഷം | എച്ച്.എം. അധ്യാപകർ | |

**പ്രവർത്തനം**
**പേര് : പച്ചക്കറിത്തോട്ടം**
**മേഖല / ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതി വീെ ടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | കാർഷിക ക്ലബ്ബ് | |

**പ്രവർത്തനം**
**പേര് : ജൈവ വൈവിധ്യപാർക്ക്**
**മേഖല / ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക. | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമിക്കൽ | ഒരു പ്രാവശ്യം | എസ്. ആർ.ജി. | |

**പ്രവർത്തനം**
**പേര് : ക്ലാസ്സ് പി.ടി.എ.**
**മേഖല / ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ. കൃത്യമായി അജണ്ട വെച്ച് ചേരൽ പഠനപുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണംപൊതുചർച്ച | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം**
**പേര് : പോഷകാഹാര പരിപാടി**
**മേഖല / ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ച്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ.<br>പിറന്നാൾ ദിനത്തിൽ വിഭവസമൃദ്ധമായ സദ്യ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണം ചുമതലയുള്ള ടീച്ചർ, എച്ച്.എം. | |

**പ്രവർത്തനം**
**പേര് : ജന്മദിനത്തിനൊരു പുസ്തകം**
**മേഖല / ഉപമേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ലൈബ്രറിയുടെ നവീകരണം | കുട്ടികളുടെ ജന്മദിനത്തിൽ ഒന്നോ അതിലധികമോ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിലേക്ക് കുട്ടികൾ നൽകുന്നു. | എല്ലാ ജന്മദിനങ്ങളിലും | ലൈബ്രറി ചാർജ്ജുള്ള അധ്യാപിക | |

**മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ**

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | കളിസ്ഥലം | പി.ടി.എ. ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | ക്ലാസ്സ് മുറികൾ | വിദ്യാലയ വികസന സമിതി |
| ഇംഗ്ലീഷ് പഠനപോഷണം | സ്റ്റാഫ് മുറി | പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| ശാസ്ത്ര പോഷണ പരിപാടി | കമ്പ്യൂട്ടർ റൂം | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| ലബോറട്ടറി ആധുനികവൽക്കരിക്കൽ | മൾട്ടിമീഡിയ റൂം | വിദ്യാലയമികവുകൾ പൊതു സമൂഹവുമായി പങ്കിടൽ |
| പ്രതിഭാ പോഷണ പരിപാടി | ലൈബ്രറി | കോർണർ പി.ടി.എ. |
| നാടകക്കളരി | ഡൈനിംഗ് ഹാൾ | |
| ജൈവ വൈവിധ്യ പാർക്ക് | അസംബ്ലി ഹാൾ | |
| സാഹിത്യ പോഷണ പരിപാടികൾ | ലബോറട്ടറി | |
| പഠനയാത്രകൾ | ജന്മദിനത്തിനൊരു പുസ്തകം | |
| കലാ-കായികമേള | എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം | |
| അധ്യാപക ശാക്തീകരണ പരിപാടികൾ | | |
| ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ | | |
| ഒന്നാം ക്ലാസ്സ് ഒന്നാംതരം | | |
| ശാസ്ത്രാഭിരുചി വളർത്തൽ | | |
| പച്ചക്കറിത്തോട്ടം | | |
| രചനാ ശില്പശാല | | |
| പോഷകാഹാര പരിപാടി | | |
| ഗണിത ലാബ് ഗണിതാന്തരീക്ഷമൊരുക്കൽ | | |
| ടേം മൂല്യ നിർണയം നിരന്തര വിലയിരുത്തൽ | | |
| ദിനാചരണം | | |

- പ്രതീക്ഷിത നേട്ടങ്ങൾ
- ശിശു സൗഹൃദപദരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശനനിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

**മോണിട്ടറിംഗ് രീതി**

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ്
- ദൈനംദിന മോണിട്ടറിംഗ് - എച്ച്.എം.

| പ്രവർത്തന കലണ്ടർ 2025-26 | | | | | |
|---|---|---|---|---|---|
| SMUPS ERINGAPPURAM | | | | | |
| School code:- 24350 | | | | | |
| SI No | Name of Program | Time | Charge | Finance | Remarks |
| 1 | പ്രവേശനോത്സവം | June 2 | | | |
| 2 | സ്റ്റാഫ് കൗൺസിൽ | June 2 | Bindu.k.s | | |
| 3 | SRG യോഗം (All Wednesday at 4 pm ) | June 3 | SRG Convenor | | |
| 4 | അദ്ധ്യാപക രക്ഷാകർതൃ കൂടിക്കാഴ്ച | എല്ലാ വ്യാഴാഴ്ചയും 4pm | | | |
| 5 | സന്മാർഗപഠനം | June 2 to 13 | SRG കൺവീനർ | | |
| 6 | വായനക്കളരി (പുസ്തകപരിചയം) | June 5 to March 31 | Greeshma G | | |
| 7 | പരിസ്ഥിതി ദിനം (Quiz , മരം നടൽ) | June-5 | ദിനാചരണ കമ്മിറ്റി | | |
| 8 | വായനാമാസം ( വിവിധ ഭാഷകളിലെ സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | June 19 to July 18 | മലയാളം, അറബിക്, സംസ്കൃതം, ഉർദു, ഹിന്ദി, ഇംഗ്ലീഷ് | | |
| 9 | വിവിധ ക്ലബ്ബുകളുടെ രൂപീകരണം | June 23 | | | |
| 10 | ലഹരി വിരുദ്ധ ദിനം | June 26 | ദിനാചരണ കമ്മിറ്റി | | |
| 11 | ബഷീർ ചരമദിനം | July 5 | Mal Club | | |
| 12 | PTA / MPTA ജനറൽബോഡി | July 12 | | | |
| 13 | ലോക ജനസംഖ്യ ദിനം | July 11 | SS Club | | |
| 14 | PTA/MPTA പ്രവർത്തക സമിതി (മാസത്തിൽ ഒരിക്കൽ) | July 23 | | | |
| 15 | Mid Term Exam | July 15 | Exam Board | | |
| 16 | CPTA | July 20 | | | |
| 17 | ചാന്ദ്ര ദിനം | July 21 | Science Club | | |
| 18 | LSS USS പരിശീലനം | Jul-21 | Reena M | | |
| 19 | സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് | July 22 | Remya Varghese | | |

| | | | | | |
|---|---|---|---|---|---|
| 20 | ഫീൽഡ് ട്രിപ്പ് | July 1 | Science Club | | |
| 21 | ഹിന്ദി ദിനം | July 31 | HI Club | | |
| 22 | ഫീൽഡ് ട്രിപ്പ് | August 1 | SS Club | | |
| 23 | ഹിരോഷിമ ദിനം | August 6 | SS Club | | |
| 24 | Quit India Day | August 9 | ദിനാചരണ കമ്മിറ്റി | | |
| 25 | സ്വാതന്ത്ര്യ ദിനം | August 15 | ദിനാചരണ കമ്മിറ്റി | | |
| 26 | Quarterly Exam | August 18 | Exam Board | | |
| 27 | ഓണാഘോഷം | August 29 | ദിനാചരണ കമ്മിറ്റി | | |
| 28 | അധ്യാപക ദിനം | September 5 | ഭാഷാക്ലബ്ബ് | | |
| 29 | CPTA | September 10 | | | |
| 30 | ഓസോൺ ദിനം | September 16 | Science Club | | |
| 31 | സാഹിത്യശിൽപ്പശാല | September 18 | വിദ്യാരംഗം | | |
| 32 | ശാസ്ത്ര പ്രദർശനം | September 20 | Science Club | | |
| 33 | ഗണിതമേള | September 26 | MATHS Club | | |
| 34 | ഗാന്ധി ജയന്തി | October 2 | Hindi Club | | |
| 35 | Work Experience (School) | October 4 | W.E Committe | | |
| 36 | Art Festival (School) | October 18 | Arts Committe | | |
| 37 | Second Mid Term | November 2, 3 | Exam Board | | |
| 38 | CPTA | November 8 | | | |
| 39 | ശിശു ദിനം | November 14 | ദിനാചരണ കമ്മിറ്റി | | |
| 40 | പഠനയാത്ര | November 1 | P.N. Manoj | | |
| 41 | Half Yearly Exam | December 15 | Exam Board | | |
| 42 | ശ്രീനിവാസരാമാനുജൻ ദിനം | December 22 | Maths Club | | |
| 43 | ക്രിസ്തുമസ് ആഘോഷം | December 23 | ദിനാചരണ കമ്മിറ്റി | | |
| 44 | CPTA | January 1 | | | |
| 45 | റിപ്പബ്ലിക്ക് ദിനം | January 26 | ദിനാചരണ കമ്മിറ്റി | | |

| | | | | | |
|---|---|---|---|---|---|
| 46 | Annual day celebration | January 9 | | | |
| 47 | ദേശീയശാസ്ത്ര ദിനം | February 28 | Science Club | | |
| 48 | പഠനോത്സവം | March First Week | | | |
| 49 | ഔഷധതോട്ട നിർമ്മാണം | | All Club | | |
| 50 | സ്കൂൾ പൂന്തോട്ടം | | പരിസ്ഥിതി ക്ലബ്ബ് | | |
| 51 | സ്കൂൾ പച്ചക്കറിത്തോട്ടം | | കാർഷിക ക്ലബ്ബ് | | |
| 52 | നാടകക്യാമ്പ് | All Saturday | P N Manoj | | |
| 53 | കരാട്ടെ പരിശീലനം | All Saturday | Parvathy C | | |
| 54 | മ്യൂസിക് ക്ലാസ്സ് | All Saturday | Sreelakshmi P S | | |

## 2025 – 26 വരെയുള്ള കാലയളവിൽ ഈ വിദ്യാലയം കൈവരിക്കാൻ ആഗ്രഹിക്കുന്ന ലക്ഷ്യങ്ങളും അത് നേടാനാവശ്യമായ പ്രവർത്തനങ്ങളും.

1. **അക്ഷരജ്ഞാനവും അക്കജ്ഞാനവും ഉറപ്പിക്കൽ:**
   **എല്ലാ വിദ്യാർത്ഥികളും അടിസ്ഥാനശേഷി നേടി എന്ന് ഉറപ്പാക്കുന്നു.**

   മൂന്നാം ക്ലാസ്സുമുതൽ ഏഴാം ക്ലാസ്സുൾപ്പെടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാനശേഷികൾ(വായന, ലേഖനം, ചതുഷ്ക്രിയകൾ )നേടുന്നതിനാവശ്യമായചിട്ടയായ പരിശീലനം നൽകും.

2. **LSS / USS പരീക്ഷകളിലെ മികച്ച വിജയം:**

   ജൂൺ മാസത്തിൽ തന്നെ കുട്ടികളെ തെരഞ്ഞെടുത്ത് എല്ലാ ശനിയാഴ്ച്ചകളിലും പരിശീലനം നൽകുന്നു. തുടർന്നുവരുന്ന പ്രവൃത്തിദിനത്തിൽ മൂല്യനിർണയം നടത്തി പഠനപ്രവർത്തനങ്ങൾ ഉറപ്പിക്കുന്നു.

3. **വിജ്ഞാനം സമ്പത്ത്:**
   **ആനുകാലിക അറിവുകൾ ഉൾപ്പെടുത്തിയുള്ള പഠനം.**

   ശാസ്ത്ര സാമൂഹ്യശസ്ത്ര ഗണിത വിഷയങ്ങളിൽ മികച്ച വിജ്ഞാനം കൈവരിക്കുകയും ഒപ്പംതന്നെ ആനുകാലിക വിവരങ്ങൾ കൂട്ടിച്ചേർത്ത് സബ്ജില്ലാ തല മത്സരങ്ങളിലുൾപ്പെടെ മറ്റു മത്സരങ്ങളിലുംഉന്നത വിജയം കരസ്ഥമാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. ഇതിനായി മാതൃഭൂമി പത്രത്തിലെ "വിദ്യ", മലയാളമനോരമ പത്രത്തിലെ "പഠിപ്പുര",ദേശാഭിമാനി പത്രത്തിലെ "അക്ഷരമുറ്റം",തൊഴിൽ വാർത്ത, തൊഴിൽവീഥി, ഹരിശ്രീ, ബാലരമ ഡൈജസ്റ്റ്, ഇയർബുക്ക്,യുറീക്ക, ശാസ്ത്രവീഥി തുടങ്ങിയ പ്രസിദ്ധീകരണങ്ങൾകൂട്ടിച്ചേർത്തുകൊണ്ട് 'KNOWLEDGE SAFARI' എന്ന ക്വിസ് പ്രോഗ്രാം നടത്തുന്നു. ഇതുമൂലം പൊതുവിജ്ഞാനം വർദ്ധിക്കുകയും LSS,USS പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുന്നതിനും,A ഗ്രേഡ് നേടുന്നവരുടെ എണ്ണം 25% കൂടുതലായി ഉയർത്തുന്നതിനുംസാധി ക്കും.സബ്ജില്ലാതല ക്വിസ് മത്സരങ്ങളിൽഉന്നതസ്ഥാനങ്ങൾ നേടാൻ പ്രാപ്തരാക്കുന്നു. വിജ്ഞാനോത്സവം, അക്ഷരമുറ്റം, സംഘടനകൾ നടത്തുന്ന ക്വിസ് പ്രോഗ്രാമുകൾ, ക്ലബ്ബുകൾ നടത്തുന്ന മത്സരങ്ങൾ എന്നിവയിൽ ഉന്നതവിജയം വരിക്കുന്നതുമൂലം വിദ്യാലയത്തോട് ഇടപഴകുന്ന സാംസ്കാരിക പ്രവർത്തകർക്ക് നാട്ടിലെ സ്ഥാപനത്തോട് മതിപ്പ് ഉണ്ടാകുന്നു.തുടർന്ന്

അനുകൂല തരംഗം ഉണ്ടാക്കുവാൻ സാധിക്കുന്നു. 2026 മാർച്ചിൽ ഈ ലക്ഷ്യംകൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

4. **<u>ഭാഷാഭിരുചി വളർത്തൽ:</u>**
**ഭാഷാ വ്യവഹാരങ്ങൾ ലളിതവും മനോഹരവുമാക്കൽ:**

കഥ, കവിത, പ്രസംഗം, നാടകം തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകി ഭാഷാ നൈപുണികളിൽ പ്രാവീണ്യം നേടൽ.

ഇതിനായിഭാഷാ അധ്യാപകരടങ്ങുന്ന ഒരു ടീം അധ്യാപകർശനിയാഴ്ചകഥ, കവിത, പ്രസംഗം, നാടകം ഇവയിൽ അഭിരുചിയുള്ളയു.പി.കുട്ടികളെ കണ്ടെത്തി അവരുടെ സർഗാത്മകതയെ പരിപോഷിപ്പിക്കാൻ ഉതകുന്നവിധത്തിൽ ക്ലാസുകൾ എടുക്കുന്നു. ശില്പശാലകൾ സംഘടിപ്പിക്കുന്നു. ഈ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവരുടെ സഹായം ഇതിനായി പ്രയോജനപ്പെടുത്തുന്നു.ഇതിലൂടെ ഭാഷാവ്യവഹാരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കാൻ കഴിയുന്ന വിദ്യാർത്ഥികളെ വാർത്തെടുക്കാൻ ശ്രമിക്കുന്നു.

**ഉപസംഹാരം**

വിദ്യാഭ്യാസ രംഗത്തെ സ്വാകര്യവത്കരണം ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മണ്ണിനെ അറിയുന്ന മനസ്സിനെ അറിയുന്ന ഒരു തലമുറയെ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ മികവിന്റെ കേന്ദ്രങ്ങളായി നമ്മുടെ പൊതു വിദ്യാലയങ്ങൾ മാറികൊണ്ടിരിക്കുന്നു. ജനഹൃദയങ്ങൾ ഏറ്റെടുത്ത പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൽ സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരും പങ്കാളികളായി തീർന്നിരിക്കുന്നു. നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തു സൂക്ഷിക്കാനും അതോടൊപ്പം മികവുറ്റ നാളെയുടെ വാഗ്ദാനങ്ങളെ വാർത്തെടുക്കാനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.